**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6** **22-06-2026-ൽ മറുപടിയ്ക്ക്**

**ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലെ വിജ്ഞാപനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത് ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് തസ്തിക സംബന്ധിച്ച് പ്രവൃത്തി പഠനം നടക്കുന്നതിനാൽ ഈ തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര(ഉപദേശക-സി)വകുപ്പിൽ നിന്നും ഉപ.സി.3/59/2024/P&ARD നമ്പറായി 21.08.2024 ന് പി.എസ്.സി.യ്ക്ക് നൽകിയ കത്ത് പിൻവലിച്ച് പ്രസ്തുത തസ്തികയിൽ പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി.ക്ക് നിർദ്ദേശം നൽകുമോ;വ്യക്തമാക്കാമോ;

**മറുപടി:** ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠനവിഭാഗം വിവിധ വകുപ്പുകളിൽ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തിക തുടരേണ്ടതുണ്ടോ അവ ക്ലാർക്ക് തസ്തികകളാക്കി മാറ്റുവാൻ കഴിയുമോ എന്നത് സംബന്ധിച്ച വിശദമായ പ്രവൃത്തി പഠനം നടത്തിവരുന്നുണ്ട്. പ്രസ്തുത പഠനം നടക്കുന്ന കാലയളവിൽ പുതിയൊരു പി. എസ്.സി വിജ്ഞാപനം പുറപ്പെടുവിക്കുകയും ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തിക ക്ലാർക്ക് തസ്തികകളാക്കി മാറ്റുന്നതിന് പ്രവൃത്തി പഠന അന്തിമറിപ്പോർട്ട് ലഭിക്കുകയും ചെയ്യുന്ന അവസരത്തിൽ പി.എസ്.സി വിജ്ഞാപനം റദ്ദ് ചെയ്യേണ്ട സാഹചര്യം ഉണ്ടായേക്കും എന്നതിനാലാണ് പ്രസ്തുത പ്രവൃത്തിപഠനം പൂർത്തിയാകുന്നത് വരെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് പി.എസ്.സി.യെ അറിയിച്ചിട്ടുള്ളത്.

**(ബി)** വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ നിന്നുള്ള കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സും കെ.ജി.റ്റി.ഇ.(കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയും പാസ്സാകുന്ന പതിനായിരത്തിലധികം വരുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള പരിമിതമായ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്കിക നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ;

**മറുപടി:** വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികകളുടെ ആവശ്യകത/അനിവാര്യത സംബന്ധിച്ച് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിൽ നടന്നുവരുന്ന പ്രവൃത്തി പഠനം പൂർത്തീകരിച്ചു വരുന്നു. പ്രവൃത്തി പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**(സി)** മുപ്പതിലധികം വരുന്ന വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് തസ്തിക നിർത്തലാക്കുന്നതിന് പകരം ഈ തസ്തികകളിൽ

ജോലി ചെയ്യുന്നവരുടെ ചുമതലകളിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ക്ലാർക്ക് ടൈപ്പിസ്റ്റ് /ടൈപ്പിസിറ്റ് ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള റാങ്കലിസ്റ്റുകളുടെ കാലാവധി അവസാനിച്ചിട്ടും പുതിയ വിജ്ഞാപനം നാളിതുവരെ പ്രദ്ധീകരിച്ചിട്ടില്ല എന്നത് പരിശോധിച്ച് പുതിയ വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി.യ്ക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡിക(ബി)യിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**